**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; നിലവിൽ ഭൂമി ഏറ്റെടുക്കലിന് മാർക്ക് ചെയ്ത സ്ഥലം കൂടാതെ ഇരുവശങ്ങളിലും സർവീസ് റോഡിന് കൂടി സ്ഥലം ഏറ്റെടുക്കുമെന്ന അഭ്യൂഹവും ആശങ്കയും പടരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (എ) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകു ന്നതോടെ ഉണ്ടാകുന്ന വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. ദേശീയപാത നിലവാരത്തിൽ ഔട്ടർ റിംഗ് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. 28.04.2018-ൽ ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും, ഷിപ്പിംഗും വകുപ്പ മന്ത്രിയും നടത്തിയ യോഗത്തിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100%-വും ഇതിലേക്കാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ 50%-വും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. ദേശീയപാത അതോറിറ്റി അംഗീകരിച്ചത് പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്.<br><br>സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിന് ചില നിബന്ധനകൾ കേന്ദ്രം മുന്നോട്ടു വച്ചു.<br><br>1) 45 മീറ്റർ RoW (Right of Way) യിൽ 4 വരിയായി പ്രധാനപാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.<br><br>2) സർവീസ് റോഡുകളുടെ നിർമ്മാണ-ച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക. |

| | | | |
|---|---|---|---|
| | | | 3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം. എന്നാൽ സർവീസ് റോഡ് നിർമ്മാണം പൂർണമായും സംസ്ഥാനം വഹിക്കണം എന്ന വ്യവസ്ഥ പുന:പരിശോധിക്കണം എന്ന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുകയാണ്.<br><br>ദേശീയപാത അതോറിറ്റി അറിയിച്ച പ്രകാരം നിലവിൽ 45 മീറ്റർ RoW( Right of Way) യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ, വികസിപ്പിക്കുന്നതിനാണ് ഭൂമി ഏറ്റെടുത്തിരിക്കുന്നത്. സർവീസ് റോഡിനായി വീണ്ടും ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതികൾ ഒന്നും ഇല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ